## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3737 15-12-2014-ൽ മറുപടിയ്ക്ക്

### നീര ഉത്പ്പാദനം

ചോദ്യം: ഉത്തരം:

ശ്രീ. എ.കെ. ശശീന്ദ്രൻ
ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | നീര ഉൽപാദിപ്പിക്കാൻ അനുവാദം നൽകിയതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ; | (എ) | ദി കേരള സ്വീറ്റ് റ്റോഡി (നീര) റൂൾസ് 2014 പ്രകാരം ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവർക്ക് നീര ഉല്പാദനത്തിനും വിപണനത്തിനും അനുമതി നൽകിയിട്ടുണ്ട്. അതാത് ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരാണ് നീര ലൈസൻസ് നൽകുന്നത്. ഓരോ സാമ്പത്തിക വർഷവും സർക്കാർ തീരുമാനിക്കുന്ന വ്യവസ്ഥകൾ പ്രകാരം, ഓരോ ജില്ലയിലും എത്ര യൂണിറ്റുകൾക്ക് ലൈസൻസ് നൽകണമെന്നത് സംബന്ധിച്ച് എക്സൈസ് കമ്മീഷണറാണ് തീരുമാനമെടുക്കേണ്ടത്. അതാത് സാമ്പത്തിക വർഷം ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ് ലൈസൻസ് നൽകുന്നത്. കള്ളുഷാപ്പുകളിൽ നീര വിപണനം നടത്താൻ പാടില്ല. നീര ലൈസൻസ് അബ്കാരി ആക്റ്റ് പ്രകാരം നിയന്ത്രിച്ചിട്ടുള്ളതിനാൽ നീര ലൈസൻസ് ലഭിച്ചിട്ടുള്ള വ്യക്തി ലൈസൻസ് നിബന്ധനകൾ ലംഘിക്കുന്ന പക്ഷം അബ്കാരി ആക്റ്റ് അനുശാസിക്കുംവിധമുള്ള ശിക്ഷണ നടപടി |

| | | | |
|---|---|---|---|
| | | | കൾക്ക് വിധേയമാകുന്നതാണ്. നീര ലൈസൻസിന് അപേക്ഷിക്കുന്ന വ്യക്തി റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ക്ഷേമനിധി വിഹിതം ഒടുക്കിയ സർട്ടിഫിക്കറ്റ് ലഭ്യമാക്കണം. നീര ലൈസൻസിനുള്ള അപേക്ഷ ഫോം നം.1-ൽ അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് സമർപ്പിക്കേണ്ടതും, ആയത് നിയമാനുസൃതമായി പരിശോധിച്ച ശേഷം, ടി ഉദ്യോഗസ്ഥൻ ഫോം നം.2-ൽ ലൈസൻസ് അനുവദിക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ അപേക്ഷ നിരസിക്കുന്നപക്ഷം, ഇതിനുള്ള കാരണം അപേക്ഷകനെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിക്കേണ്ടതാണ്. നീര ചെത്തുന്നതിനുള്ള തെങ്ങുകൾ മാർക്ക് ചെയ്യുന്നതിനുള്ള അധികാരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരിൽ നിക്ഷിപ്തമാണ്. നീര ചെത്തുന്നതിന് കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ അംഗങ്ങളായവരെ നിയോഗിക്കേണ്ടതും, ഇത്തരത്തിലുള്ളവർ ഇല്ലാത്തപക്ഷം പരിശീലനം നടത്തിയ നീര ടെക്നീഷ്യൻമാരെ നിയോഗിക്കേണ്ടതു മാണ്. നീര ചെത്തുന്ന തെങ്ങുകളെ ട്രീ ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഒരു അപേക്ഷകന് ഒരു നീര ലൈസൻസ് മാത്രം അനുവദിക്കുന്നതും, ഒരു ലൈസൻസിയ്ക്ക് സൗകര്യപ്രദമാകുംവിധം പരമാവധി ചെത്താവുന്ന വൃക്ഷങ്ങളുടെ എണ്ണം 20 തെങ്ങുകളോ, 20 പനയോ, 10 ചൂണ്ട പനയോ ആയിരിക്കണമെന്നും നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ഒരോ വർഷം അനുവദിച്ച മാർക്ക് ചെയ്ത വൃക്ഷങ്ങളിൽ നിന്നും മാത്രമേ നീര ചെത്തുവാൻ പാടുള്ളു. |

<table>
<tr>
<td>(ബി)</td>
<td>ഇതിനായി എത്ര ഫെഡറേഷനുകളാണ് അപേക്ഷിച്ചിട്ടുള്ളത്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ;</td>
<td>(ബി)</td>
<td>
<table>
<tr><th>ജില്ല</th><th>അപേക്ഷ സമർപ്പിച്ചിട്ടുള്ള ഫെഡറേഷനുകളുടെ എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>11</td></tr>
<tr><td>കൊല്ലം</td><td>6</td></tr>
<tr><td>പത്തനംതിട്ട</td><td>1</td></tr>
<tr><td>ആലപ്പുഴ</td><td>15</td></tr>
<tr><td>കോട്ടയം</td><td>1</td></tr>
<tr><td>ഇടുക്കി</td><td>1</td></tr>
<tr><td>എറണാകുളം</td><td>7</td></tr>
<tr><td>തൃശ്ശൂർ</td><td>12</td></tr>
<tr><td>പാലക്കാട്</td><td>12</td></tr>
<tr><td>കോഴിക്കോട്</td><td>65</td></tr>
<tr><td>മലപ്പുറം</td><td>34</td></tr>
<tr><td>വയനാട്</td><td>1</td></tr>
<tr><td>കണ്ണൂർ</td><td>6</td></tr>
<tr><td>കാസർഗോഡ്</td><td>8</td></tr>
<tr><td>ആകെ</td><td>180</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>പാലക്കാട് ജില്ലയിലെ ഒൻപത് ഫെഡറേഷനുകൾ അപേക്ഷിച്ചിട്ടും ലൈസൻസ് നൽകാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ ?</td>
<td>(സി)</td>
<td>നീര റൂൾസ് 3(4) പ്രകാരം ഓരോ സാമ്പത്തിക വർഷവും സർക്കാർ തീരുമാനിക്കുന്ന വ്യവസ്ഥകൾ പ്രകാരം ഓരോ ജില്ലയിലും എത്ര യൂണിറ്റുകൾക്ക് ലൈസൻസ് നൽകണമെന്നത് സംബന്ധിച്ച് എക്സൈസ് കമ്മീഷണറാണ് തീരുമാനമെടുക്കേണ്ടത്. നടപ്പു സാമ്പത്തിക വർഷം നീര റൂൾസ് 2014-ൽ നിഷ്കർഷിക്കുന്ന ഏതൊക്കെ സ്ഥാപനങ്ങൾക്ക് ഏതൊക്കെ ജില്ലകളിൽ എത്ര വീതം യൂണിറ്റുകൾക്ക് ലൈസൻസ് അനുവദിക്കണമെന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ